**മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ**
**ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും**

**സർക്കുലർ നമ്പർ: 137**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും*
*ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

2024 ജൂലൈ 30–ാം തീയതി വയനാട്ടിലെ ചൂരൽമല, മുണ്ടക്കൈ എന്നീ പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടൽ മൂലം ഇരുനൂറിലധികം പേരുടെ ജീവൻ നഷ്ടപ്പെടുകയും പലരും ആശുപത്രികളിൽ ചികിത്സയിലായിരിക്കുകയും ചെയ്യുന്നു. ഭവനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ജീവനോപാധികളും നഷ്ടപ്പെട്ടിരിക്കുന്നു. അപ്രകാരം ആ പ്രദേശം തന്നെ ഇല്ലാതായിരിക്കുന്ന അവസ്ഥയാണ്. ഈ സ്ഥിതിയിൽ നിന്ന് ആ പ്രദേശത്തെ വീണ്ടെടുക്കേണ്ടതും നമ്മുടെ സഹോദരങ്ങൾക്ക് സ്നേഹസാന്ത്വനമായി അവരുടെ പുനരുജ്ജീവനത്തിന് നമ്മുടെ സഹകരണം നൽകേണ്ടതും നമ്മുടെ കടമയാണ്. സഭയായി ആ പ്രദേശത്ത് പുനരുദ്ധാരണ പ്രവർത്തനം നിർവ്വഹിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ദുരിത ബാധിത മേഖലകളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ ധനസമാഹരണത്തിൽ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം നൽകണം. നമ്മുടെ ഇടവകകളിൽ 2024 ആഗസ്റ്റ് 11–ാം തീയതി ഞായറാഴ്ചത്തെ സ്തോത്രകാഴ്ച ഇതിലേക്ക് വേർതിരിക്കണം. കൂടാതെ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സംഭാവനയും പ്രതീക്ഷിക്കുന്നു. സ്തോത്രകാഴ്ചയും ഇടവകാംഗങ്ങളുടെ പ്രത്യേക സംഭാവനയും 2024 ആഗസ്റ്റ് 31–ാം തീയതിക്കകം സഭാ ആഫിസിലേക്ക് അയച്ചുകൊടുക്കണം. തങ്ങൾ നൽകുന്ന തുകയ്ക്ക് ഇൻകം ടാക്സ് ഇളവുകൾ ആവശ്യമുള്ളവർ സെക്രട്ടറി, മാർത്തോമ്മാ പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്, C/o മാർത്തോമ്മാ സഭാ ആഫീസ്, തിരുവല്ല എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ദു:ഖകരമായ ഈ സാഹചര്യത്തിൽ എല്ലാം നഷ്ടപ്പെട്ടവരെ കരുതുന്നതിനും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനും അവരുടെ ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതിനും ഉള്ള സഭയുടെ ഈ സംരംഭത്തിൽ എല്ലാവരും പങ്കാളികൾ ആയി നമ്മുടെ ക്രിസ്തീയ ഉത്തരവാദിത്തം നിർവ്വഹിക്കാം.

കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്ന് 2024 ജൂലൈ 31–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 137**

*Blessings to all the Vicars, Resident clergy, trustees*
*and members of all the parishes under our authority.*

Dearly beloved in Christ,

On 30th July 2024, landslides in Chooralmala and Mundakkai areas of Wayanad claimed the lives of more than two hundred people and many are hospitalized. Homes, educational institutions, and livelihoods have been lost. The region itself is facing a state of obliteration. Hence, it is our duty to restore that region from this situation and to co-operate in the rehabilitation of our brethren as the helping hands of love. As a Church, we intend to carry out restoration work in that area.

Everyone should wholeheartedly co-operate in raising the necessary funds for the rehabilitation of the affected areas. The offertory collected on Sunday, 11th August 2024, in our parishes is dedicated to this cause. In addition, contributions from individuals and institutions are also expected. The offertory and special contributions from parish members should be sent to the Sabha Office by 31st August, 2024. Those who wish to avail income tax deductions for their contribution shall remit the same to the Secretary, Mar Thoma Public Charitable Trust, C/o Mar Thoma Sabha Office, Thiruvalla.

Let us all fulfil our Christian responsibility as partners in this initiative of the Church to care for those who have lost everything in this sad situation, to proclaim solidarity with them, and to respond positively to their needs.

May the grace of the Lord Jesus Christ be with you all.

Dated 31st July 2024 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**